**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1533** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>പാലാ മണ്ഡലത്തിലെ ശബരിമല ഇടത്താവളങ്ങളുടെ വികസനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മാണി. സി. കാപ്പൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** പാലാ നിയോജകമണ്ഡലത്തിലെ കടപ്പാട്ടൂർ ശ്രീ മഹാദേവക്ഷേത്രം, അന്തിനാട് ശ്രീ മഹാദേവക്ഷേത്രം, ഇളംകുളം ശ്രീ ശാസ്താക്ഷേത്രം, രാമപുരം പള്ളിയമ്പുറം ശ്രീ മഹാദേവക്ഷേത്രം, തൃക്കൈയിൽ ശ്രീ മഹാദേവക്ഷേത്രം, വെള്ളാപ്പാട് ദേവീക്ഷേത്രം ഉൾപ്പെടെയുള്ള ശബരിമല ഇടത്താവളങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലവും വികസന മുരടിപ്പും കാരണം ഭക്തർ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** കടപ്പാട്ടൂർ ശ്രീ മഹാദേവക്ഷേത്രം, അന്തിനാട് ശ്രീ മഹാദേവക്ഷേത്രം, ഇളംകുളം ശ്രീ ശാസ്താക്ഷേത്രം, രാമപുരം പള്ളിയമ്പുറം ശ്രീ മഹാദേവക്ഷേത്രം എന്നീ ക്ഷേത്രങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിൽ വരുന്നവയല്ല. തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിൽ വരുന്ന തൃക്കൈയിൽ ശ്രീ മഹാദേവ ക്ഷേത്രത്തിലും വെള്ളപ്പാട് ദേവീക്ഷേത്രത്തിലും തീർത്ഥാടകർക്കായി ടോയ്‌ലറ്റുകളും അനുബന്ധ സൗകര്യങ്ങളും വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് ആവശ്യമായ സ്ഥല സൗകര്യവും നിലവിലുള്ളതായും തൃക്കൈയിൽ ശ്രീ മഹാദേവ ക്ഷേത്രത്തിന്റെ കിഴക്ക് ഭാഗത്തുള്ള പാർക്കിങ് ഏരിയ മണ്ണിട്ട് ഉയർത്തി ടൈൽ വിരിക്കുന്ന പ്രൊജക്ട്, പാലാ നഗരസഭ LID & EW വിഭാഗം ഏറ്റെടുത്തിട്ടുള്ളതായും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

**(ബി)** ഉണ്ടെങ്കിൽ നിരവധി ഭക്തർ എത്തുന്ന പ്രസ്തുത സ്ഥലങ്ങളിൽ ഭക്തരുടെ ആവശ്യങ്ങൾ പരിഗണിച്ച് വികസനം നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** കടപ്പാട്ടൂർ ശ്രീ മഹാദേവക്ഷേത്രം, അന്തിനാട് ശ്രീ മഹാദേവക്ഷേത്രം, ഇളംകുളം ശ്രീ ശാസ്താക്ഷേത്രം, രാമപുരം പള്ളിയമ്പുറം ശ്രീ മഹാദേവക്ഷേത്രം എന്നീ ക്ഷേത്രങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിൽ വരുന്നവയല്ല. തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിൽ വരുന്ന തൃക്കൈയിൽ ശ്രീ മഹാദേവ ക്ഷേത്രത്തിലും വെള്ളപ്പാട് ദേവീക്ഷേത്രത്തിലും തീർത്ഥാടകർക്കായി ടോയ്‌ലറ്റുകളും അനുബന്ധ സൗകര്യങ്ങളും വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് ആവശ്യമായ സ്ഥല സൗകര്യവും നിലവിലുള്ളതായും തൃക്കൈയിൽ ശ്രീ മഹാദേവ ക്ഷേത്രത്തിന്റെ കിഴക്ക് ഭാഗത്തുള്ള പാർക്കിങ് ഏരിയ മണ്ണിട്ട് ഉയർത്തി ടൈൽ വിരിക്കുന്ന പ്രൊജക്ട്, പാലാ നഗരസഭ LID & EW വിഭാഗം ഏറ്റെടുത്തിട്ടുള്ളതായും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**